പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 167 — 13.07.2016 ൽ മറുപടിക്ക്

## എയർ കേരള വിമാന സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ.കെ.വിജയൻ**<br>**,, ചിറ്റയം ഗോപകുമാർ**<br>**,, ആർ. രാമചന്ദ്രൻ**<br>**,, വി.ആർ. സുനിൽകുമാർ** | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എയർ കേരള വിമാന സർവ്വീസ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്നാണ് ലഭിച്ചതെന്നും വെളിപ്പെടുത്തുമോ; | (എ) | ഇല്ല. |
| (ബി) | അനുമതി ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടതെന്നും പ്രസ്തുത നിബന്ധനകളെല്ലാം പാലിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (ബി) & (സി) | പുതിയ വ്യോമയാന നയം പ്രകാരം രാജ്യാന്തര വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര വിമാന സർവ്വീസുകൾക്കായി മാറ്റി വെക്കേണ്ടതായിട്ടുണ്ട്. 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്ന് വിലയിരുത്തുന്നു. |
| (സി) | എയർ കേരള പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ